# കേരള നിയമസഭ

## 01.04.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രില്‍ 1, തിങ്കള്‍
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍– 327)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 2288 മുതല്‍ 2408 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 2409 മുതല്‍ 2505 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 2506 മുതല്‍ 2549 വരെ |
| പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 2550 മുതല്‍ 2570 വരെ |
| പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 2571 മുതല്‍ 2614 വരെ |

### ഏകീകൃതപൊതുജനാരോഗ്യ നിയമം

2288

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവര്‍ണറുടെ നയപ്രഖ്യാപനത്തില്‍ പറഞ്ഞിരുന്ന ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ നിലവിലെ സ്ഥിതി എന്താണ് ;

(ബി) പൊതുജനാരോഗ്യ വകുപ്പ് രൂപീകരിക്കുന്നതിനുള്ള സത്വര നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>നിർധന രോഗികൾക്കുള്ള ചികിൽസാ ധനസഹായം</u>

2289 ശ്രീ. വർക്കല കഹാർ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർധന രോഗികൾക്കുള്ള ചികിൽസാ ധനസഹായ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം മാരകരോഗങ്ങൾ മൂലം വിഷമിക്കുന്ന രോഗികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ശസ്ത്രക്രീയകൾക്കാണ് ഈ പദ്ധതി മൂലം ധനസഹായം ലഭിക്കുന്നത്;

(ഡി) ഏതൊക്കെ ആശുപത്രികളിലെ ചികിൽസയ്ക്കാണ് സാമ്പത്തിക ധനസഹായം നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സമഗ്ര ശിശു ആരോഗ്യ പദ്ധതി</u>

2290 ശ്രീ. എം. എ. വാഹീദ്
,, പി. എ. മാധവന്‍
,, ഷാഫി പറമ്പില്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര ഗവണ്‍മെന്റിന്റെ സമഗ്ര ശിശു ആരോഗ്യ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വിദ്യാര്‍ത്ഥികള്‍ക്കാണ് ഇതിന്റെ പ്രയോജനങ്ങള്‍ ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

ഓട്ടിസം

2291 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുഞ്ഞുങ്ങളിൽ ഓട്ടിസം എന്ന അവസ്ഥ കണ്ടു തുടങ്ങിയത് ഏതു കാലഘട്ടം മുതലാണ്;

(ബി) നിലവിൽ ഓട്ടിസം ബാധിച്ചവരുടെ കണക്കുകൾ ലഭ്യമാണോ; ഏതു ജില്ലയിലാണ് ഈ അവസ്ഥയിലുള്ളവർ അധികമുള്ളത്;

(സി) ഓട്ടിസം ബാധിച്ചവരുടെ സംഖ്യ ഓരോ വർഷവും വർദ്ധിച്ചുവരുന്നതായ സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ഡി) ഓട്ടിസം ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾ 2013-14 സാമ്പത്തിക വർഷം തന്നെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

### ആയുഷ് കേന്ദ്രങ്ങൾ

2292 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആയുഷ്' കേന്ദ്രങ്ങൾ തുടങ്ങുവാൻ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മാനസികാരോഗ്യ പരിപാടി</u>

2293 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസിക ആരോഗ്യ പരിപാടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ പരിപാടി നടപ്പാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പരിപാടി നടത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) എല്ലാ ജില്ലകളിലേയ്ക്കും ഈ പരിപാടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**മാനസിക സംഘർഷത്താൽ ഉഴലുന്നവർക്ക് ദിശാബോധം നൽകുന്ന പദ്ധതി**

2294 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, എം.എ വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസിക സംഘർഷത്താൽ ഉഴലുന്ന വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ദിശാബോധം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം എജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്ക് നൽകുന്ന സഹായ പദ്ധതി</u>

2295 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്ക് കൗൺസിലിംഗിനും വൈദ്യ നിയമ സഹായത്തിനും വേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

എം. ബി. ബി. എസ്. പരീക്ഷയിലെ ക്രമക്കേട്

2296 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ആർ. രാജേഷ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എം. ബി. ബി. എസ്. പരീക്ഷയിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ;

(ബി) കേരള ആരോഗ്യ സർവ്വകലാശാല ഇക്കാര്യത്തിൽ ഫലപ്രദമായ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ പശ്ചാത്തലത്തിൽ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം അവലോകനം ചെയ്യാൻ തയ്യാറാകുമോ;

(ഡി) സർവ്വകലാശാലയുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനായി ഗവേണിംഗ് കൗൺസിലിനെ മാറ്റി പകരം ജനാധിപത്യ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഔഷധസസ്യോത്പാദനം വർദ്ധിപ്പിക്കാൻ നടപടി</u>

2297 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔഷധസസ്യോത്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>ജീവിതശൈലീ രോഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ</u>

2298 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി സ്പെഷ്യലൈസ്ഡ് ആശുപത്രികൾ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) പീഡിയാട്രിക്സ്, ഓർത്തോ, ഗൈനക്കോളജി, ഓങ്കോളജി, കാർഡിയോളജി തുടങ്ങിയ ഓരോ പ്രത്യേക വിഭാഗത്തിനും മാത്രമായി പ്രത്യേക ആശുപത്രികൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ജീവിതശൈലീ രോഗങ്ങൾക്ക് ചികിത്സിക്കുവാൻ കൂടുതൽ സൗകര്യങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>എം. ആർ. എൽ സംവിധാനം ശക്തിപ്പെടുത്താൻ നടപടി</u>

2299 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം. ആർ. എൽ (മെഡിക്കോ റിക്കോർഡ് ലൈബ്രറി) സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) എം. ആർ. എൽ സൗകര്യങ്ങൾ ഉള്ളതും മെഡിക്കോ റിക്കാർഡ് ലൈബ്രേറിയൻ തസ്തിക ഉള്ളതുമായ കോഴിക്കോട് ജില്ലയിലെ ആശുപത്രികൾ ഏതെല്ലാം; കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ ഈ സംവിധാനമുണ്ടോ എന്നത് വ്യക്തമാക്കാമോ;

(സി) ചഒനോട് ചേർന്ന് പ്രവർത്തിക്കുന്ന കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഐ. പി, ഒ. പി അഡ്മിഷൻ വിഭാഗങ്ങളിൽ ദിവസേന എത്ര രോഗികൾ എത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവിടെ കിടത്തി ചികിത്സയ്ക്ക് നിലവിൽ എത്ര ബെഡ് ആണ് അനുവദിച്ചത്;

(ഡി) നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താനും എം. ആർ. എൽ സംവിധാനം ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

എന്‍. ആര്‍. എച്ച്. എം. മുഖേന നടപ്പിലാക്കിയ പദ്ധതികള്‍

2300 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 സാമ്പത്തിക വര്‍ഷത്തില്‍ എന്‍. ആര്‍. എച്ച്. എം പദ്ധതിയിലേക്ക് എത്ര രൂപയുടെ കേന്ദ്ര സഹായമാണ് സംസ്ഥാനത്ത് ലഭിച്ചത്;

(ബി) എന്‍. ആര്‍. എച്ച്. എം –നു കീഴില്‍ ഡെന്റല്‍ ക്ലിനിക്കുകള്‍ സ്ഥാപിച്ചിട്ടുണ്ടോ; എങ്കില്‍ എവിടെയൊക്കെ;

(സി) കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തില്‍ എന്‍. ആര്‍. എച്ച്. എം. മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; പുതിയ പദ്ധതികള്‍ക്ക് ധനസഹായം ലഭ്യമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

2301 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം 2011-12, 2012-13 വർഷങ്ങളിൽ എത്ര തുക അനുവദിച്ചു എന്നും അതിൽ എത്ര തുക ചെലവാക്കപ്പെട്ടു എന്നും വ്യക്തമാക്കാമോ;

(ബി) വൈക്കം താലൂക്ക് ആശുപത്രി, തലയോലപ്പറമ്പ് പ്രൈമറി ഹെൽത്ത് സെന്റർ എന്നിവയ്ക്ക് കെട്ടിടങ്ങൾ പണിയുന്നതിനായി എൻ.ആർ.എച്ച്.എം. വഴി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) വൈക്കം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര ആശുപത്രികെട്ടിടങ്ങൾ പുനരുദ്ധരിക്കാൻ എൻ.ആർ. എച്ച്.എം ഫണ്ട് ചെലവഴിച്ചുവെന്നും ഓരോന്നിനും എത്ര വീതമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. പദ്ധതിച്ചെലവ്</u>

2302 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതി വഴി സംസ്ഥാനത്ത് എന്തൊക്കെ പ്രവർത്തനങ്ങളാണു നടത്തിവരുന്നത്;

(ബി) ഈ വർഷം ഈ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും എന്തു തുകയാണ് സംസ്ഥാനത്തിനു ലഭ്യമായിട്ടുള്ളത്;

(സി) ഇതിൽ എന്തു തുക നാളിതുവരെ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പബ്ളിക് ഹെൽത്ത് ലാബോറട്ടറികൾ</u>

2303 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിപ്പോൾ പബ്ളിക് ഹെൽത്ത് ലാബോറട്ടറികൾ എവിടെയെല്ലാമാണ് പ്രവർത്തിച്ചുവരുന്നത് ;

(ബി) ഇവ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ;

(സി) കൂടുതൽ ജനസംഖ്യയും രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവും കണക്കിലെടുത്ത് മലപ്പുറം കേന്ദ്രമാക്കി ഒരു റീജിയണൽ പബ്ളിക് ഹെൽത്ത് ലാബോറട്ടറി സ്ഥാപിക്കുന്നകാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഹാനികരമായ രാസപദാർത്ഥങ്ങളുടെ ഉപയോഗം നിയന്ത്രിക്കാൻ നടപടി</u>

2304 ശ്രീ. എം. ഉമ്മർ
'' കെ. എൻ. എ. ഖാദർ
'' എൻ. എ. നെല്ലിക്കുന്ന്
'' പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതും ഹാനികരവുമായ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുള്ള ശീതള പാനീയങ്ങൾ വിപണിയിൽ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അംഗീകൃത കമ്പനികളുടേതല്ലാത്ത ഇത്തരം വസ്തുക്കൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഇത്തരം ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കൾ നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിൽ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

സിസേറിയന്‍ പ്രസവം പ്രോത്സാഹിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടി

2305 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളില്‍ സിസേറിയന്‍ പ്രസവം വര്‍ദ്ധിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2013 ജനുവരി മാസം മാത്രം സര്‍ക്കാര്‍ ആശുപത്രികളില്‍ എത്ര ശതമാനത്തോളം സിസേറിയന്‍ നടന്നതായാണ് ആരോഗ്യവകുപ്പ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ദേശീയതലത്തില്‍ പ്രസവ ശസ്ത്രക്രിയാ നിരക്ക് 8.5 ശതമാനം മാത്രമായിരിക്കെ എറണാകുളം, കൊല്ലം ജില്ലകളില്‍ ആയത് എത്ര ശതമാനം വരെ ആയിട്ടുണ്ടെന്നാണ് ആരോഗ്യവകുപ്പ് റിപ്പോര്‍ട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് 2013 ജനുവരി മാസം മാത്രം ഏറ്റവും കൂടുതല്‍ സിസേറിയന്‍ നടന്ന സാമൂഹ്യാരോഗ്യകേന്ദ്രം, താലൂക്കാശുപത്രി, എന്നിവ ഏതാണെന്നും ഈ കാലയളവില്‍ ഇവിടെ നടന്ന പ്രസവം എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) സിസേറിയനുകളുടെ എണ്ണം കൂടിയതിന്റെ അടിസ്ഥാനത്തില്‍ ആരോഗ്യവകുപ്പ് എന്തൊക്കെ മാര്‍ഗ്ഗരേഖ ഇപ്പോള്‍ പുറപ്പെടുവിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(എഫ്) സിസേറിയന്‍ പ്രസവ ചെലവ് പാവപ്പെട്ടവര്‍ക്ക് താങ്ങാന്‍ ബുദ്ധിമുട്ടായതിനാല്‍ സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ ബോധവല്‍കരണ മാര്‍ഗ്ഗങ്ങള്‍ നിലവില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ജി) സ്വകാര്യ ആശുപത്രികള്‍ സിസേറിയന്‍ വഴിയുള്ള പ്രസവം പ്രോത്സാഹിപ്പിക്കുന്നത് തടയാന്‍ എന്തൊക്കെ നടപടികളാണ് സര്‍ക്കാര്‍ സ്വീകരിച്ചുവരുന്നതെന്നും ഇതിലെന്തെങ്കിലും മാറ്റം വരുത്തുവാന്‍ ഉദ്ദേശിക്കുന്നോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**നേത്രരോഗ വിഭാഗത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയാക്കാൻ സ്വീകരിച്ച നടപടി**

2306 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ നേത്രരോഗ വിഭാഗത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയാക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) നേത്ര രോഗ വിഭാഗത്തെ റീജിയണൽ ഇൻസ്റ്റീറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലേക്ക് ഉയർത്താൻ 30-4-2008ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അയച്ച കത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

താലൂക്ക് ആശുപത്രി വികസനം

2307 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) നിലവിൽ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽനിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സ്പെഷ്യലിസ്റ്റ് സേവനങ്ങൾ വ്യക്തമാക്കുമോ;

(സി) ദിനംതോറും ആയിരത്തിലധികം ഒ.പിയുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ രോഗികൾ മണിക്കൂറുകളോളം ക്യൂ നിൽക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>രോഗപ്രതിരോധ പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമാക്കാന്‍ നടപടി</u>

2308 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ ജില്ലയില്‍ വിവിധ രോഗപ്രതിരോധ ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ക്കായി അനുവദിച്ച തുക ലാപ്സായതായി വന്നിട്ടുള്ള മാധ്യമ വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതിന്‍മേല്‍ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കില്‍ ഇതു സംബന്ധിച്ച് പരിശോധന നടത്തുമോ;

(സി) എന്തു തുകയാണ് വിവിധ രോഗപ്രതിരോധബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങള്‍ക്കായി ആലപ്പുഴ ജില്ലയ്ക്ക് 2012-13-ല്‍ അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; എത്ര രൂപ ഇതുവരെ ചെലവഴിച്ചു; എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടത്തിയെന്നും വിശദമാക്കുമോ;

(ഡി) ഫ്ളൂറൈഡ് കലര്‍ന്ന വെള്ളം ഉപയോഗിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഫ്ളൂറോസിസ് രോഗപ്രതിരോധ പ്രവര്‍ത്തനങ്ങള്‍ക്ക് എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; ഇതില്‍ എത്ര രൂപ ചെലവഴിച്ചുവെന്നും, ഏതെല്ലാം പ്രദേശങ്ങളിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലാ ആശുപത്രിയിയിലെ സൗകര്യങ്ങൾ</u>

2309

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ആശുപത്രി ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി എത്തുന്ന രോഗികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ഗൈനക്ക് വിഭാഗം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) ആലപ്പുഴ ജില്ലാ ആശുപത്രിയിൽ സർജറി വിഭാഗത്തിൽ ഡോക്ടർമാരില്ല എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>സർക്കാർ /സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം</u>

2310 ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സംബന്ധമായ പരിശോധനകൾ നടത്തുന്ന സർക്കാർ/സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം പരിശോധിക്കാനുള്ള സംവിധാനമെന്താണെന്ന് വിശദമാക്കാമോ;

(ബി) ദേശീയ തലത്തിൽ ഇത്തരം പരിശോധനകൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസി ഏതാണ്; ആ മാതൃകയിൽ സംസ്ഥാനത്ത് പരിശോധനാവിഭാഗം പ്രവർത്തിക്കുന്നുണ്ടോ;

(സി) ദേശീയ ഏജൻസി സംസ്ഥാനത്തെ ഏതെങ്കിലും ലബോറട്ടറിക്ക് അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ;

(ഡി) ലാബുകളുടെ പ്രവർത്തന വൈകല്യം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പരാതികൾ കഴിഞ്ഞ ഒരു വർഷത്തിനിടെ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

എസ്.എ.റ്റി. ആശുപത്രി വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ

2311 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എ.റ്റി. ആശുപത്രി വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ തകരാറാക്കിയിട്ടിരിക്കുന്നത് സ്വകാര്യ ക്ലിനിക്കുകാരെ സഹായിക്കാനാണെന്ന ആരോപണം എങ്ങനെ വിലയിരുത്തുന്നുവെന്നറിയിക്കുമോ;

(ബി) ഒരു കോടി രൂപ അനുവദിച്ചിരുന്നിട്ടും ടെസ്റ്റ്ട്യൂബ്ബേബിയെ സൃഷ്ടിക്കുന്നതിനാവശ്യമായ ആന്ത്രോളജി ലാബിൽ ആവശ്യത്തിന് ജീവനക്കാരെയോ ചികിത്സാ സജ്ജീകരണങ്ങളോ ഒരുക്കാത്തത് എന്തുകൊണ്ടാണ്;

(സി) മുംബൈയിലുള്ള ശിവാനി എന്ന കമ്പനിയിൽ നിന്നും രണ്ടു വർഷം മുമ്പ് ആന്ത്രോളജി ലാബ് ക്രമീകരിക്കാനായി വാങ്ങിയ ആധുനിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗ്യാരണ്ടി പിരീഡ് കഴിയുന്നതിനാൽ പ്രസ്തുത യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുള്ള പണവും ആശുപത്രി സ്വന്തം നിലയിൽ കണ്ടെത്തേണ്ടി വരുമെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സർക്കാർ അടിയന്തിരമായി ഇടപെട്ട് വന്ധ്യതാക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ പൂർണ്ണ സ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി

2312 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഫാർമസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തൊക്കെ സൗകര്യങ്ങളാണ് ഫാർമസിയിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എവിടെയെല്ലാമാണ് ഇവ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഫാർമസിയുടെ പ്രവർത്തനം സംസ്ഥാനം മുഴുവനും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടി</u>

2313 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ആശുപത്രികളിൽ കാരുണ്യഫാർമസി ആരംഭിച്ചിട്ടുണ്ട്;

(ബി) പുതുതായി സി. എച്ച്. സി., താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഫാർമസി ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി</u>

2314

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോട് ചേർന്നുള്ള ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ കേന്ദ്രഫണ്ട് വിനിയോഗിച്ച് ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആറ്റിങ്ങൽ മുൻസിപ്പാലിറ്റി സമർപ്പിച്ച പ്രോജക്റ്റിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ ഇതിന് തടസ്സമെന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിനേക്കാൾ അപ്രധാനമായ മേഖലകളിൽ ഈ സംവിധാനം ഗവൺമെന്റ് അനുവദിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഈ സാമ്പത്തിക വർഷം ഇവിടെ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്രാനുമതിയ്ക്കായി ഈ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

2315 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന 2011 മുതൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 2013-14 വർഷത്തിൽ തിരൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ജില്ലാ ആശുപത്രികൾ മെഡിക്കൽ കോളേജുകളായി ഉയർത്തുമ്പോൾ തിരൂർ ജില്ലാ ആശുപത്രി കൂടി ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായിട്ടുള്ള ഭൗതിക, സാങ്കേതിക സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

മന്തുരോഗ പ്രതിരോധ പ്രവർത്തനങ്ങൾ

2316 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മന്തുരോഗ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലായെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ അഭാവം മൂലം മന്തുരോഗം പരത്തുന്ന കൊതുകുകൾ വ്യാപകമാകുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2011-13 വർഷങ്ങളിലായി സംസ്ഥാനത്താകമാനം എത്ര പേർക്ക് മന്തുരോഗം റിപ്പോർട്ട് ചെയതിട്ടുണ്ടെന്നും ഏതെല്ലാം ജില്ലകളിലാണെന്നും പ്രത്യേകം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

മന്ത് രോഗ പ്രതിരോധം

2317 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മന്ത് രോഗാണുവാഹകരുടെ എണ്ണം ഏറ്റവും കൂടുതലായ പ്രദേശം പൊന്നാനിയാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; പൊന്നാനിയെ മന്തുരോഗത്തിന്റെ 'ഹോട്ട് സ്പോട്ടായി' വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മന്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പൊന്നാനിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പൊന്നാനിയിൽ മുൻപുണ്ടായിരുന്ന 'വെക്ടർ കൺട്രോൾ യൂണിറ്റ്' അടച്ചു പൂട്ടിയത് കാരണം രോഗികളും, ആരോഗ്യ പ്രവർത്തകരും ഏറെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ 'വെക്ടർ കൺട്രോൾ യൂണിറ്റ്' അടിയന്തിരമായി പൊന്നാനിയിൽ തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

അട്ടപ്പാടി ആദിവാസി മേഖലയിൽ സിക്കിൾസെൽ അനീമിയ

2318 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) കണ്ടുവരുന്നതായ പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രോഗം പിടിപെട്ട എത്ര പേർക്ക് ചികിത്സ നൽകാൻ കഴിഞ്ഞിട്ടുണ്ട്; രോഗനിർണ്ണയം നടത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) രോഗം തടയുന്നതിൽ സർക്കാർ സംവിധാനം പരാജയമാണെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) രോഗലക്ഷണങ്ങളും , രോഗം പിടിപെടാനിടയാകുന്ന സാഹചര്യവും ചികിത്സാ സംവിധാനത്തിലുള്ള അപര്യാപ്തതയും മൂലം രോഗം വ്യാപിക്കുന്നതായ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>മാൻചെള്ള് രോഗം</u>

2319

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മാൻചെള്ള് രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മാൻചെള്ള് രോഗത്തെ തുടർന്ന് ആരെങ്കിലും മരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് നിലവിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) പ്രസ്തുത രോഗ ചികിത്സയ്ക്ക് ഫലപ്രദമായ മരുന്നുകൾ ലഭ്യമാണോ; രോഗനിർണ്ണയം വൈകാതിരിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ക്ഷയരോഗ ചികിത്സ</u>

2320 ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷയരോഗത്തെ 'നോട്ടിഫയബിൾ ഡിസീസ്' പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷയയോഗ ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളിൽ എത്തുന്ന രോഗികളെ സംബന്ധിച്ച് ജില്ലാ ടി. ബി. കേന്ദ്രങ്ങളിൽ അറിയിക്കുന്നത് നിർബന്ധമാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) എങ്കിൽ ഇത് നടപ്പിലാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വെള്ളത്തിൽ ഫ്ളൂറൈഡ് കലരാതിരിക്കുന്നതിനുള്ള നടപടി</u>

2321 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിൽ വെള്ളത്തിൽ ഫ്ളൂറൈഡിന്റെ അംശം കൂടുതലാണെന്ന വിവരം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ;

(ബി) ഇതുമൂലം കുട്ടികളുടേതുൾപ്പെടെയുള്ളവരുടെ പല്ലുകൾ പൊടിയുന്നതും പല്ലിന് മഞ്ഞ നിറം ബാധിക്കുന്നതും എല്ലുകൾക്ക് ബലക്ഷയം ഉണ്ടാകുന്നതുമായ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; എങ്കിൽ ഇതിനാവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കുമോ;

(സി) വിശദമായ പഠനം ആരോഗ്യവകുപ്പ് ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പുതിയ ആംബുലൻസ് നൽകുവാൻ നടപടി</u>

2322 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ആശുപത്രിയിൽ ആരോഗ്യവകുപ്പ് നൽകിയിരിക്കുന്ന ആംബുലൻസ് വളരെ പഴക്കം ചെന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല സീസണിൽ ഉണ്ടാകുന്ന കൂടുതൽ ഓട്ടംകൂടി പരിഗണിച്ച് പുതിയ ആംബുലൻസ് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) വെച്ചുചിറ സി.എച്ച്.സി.യിൽ ആരോഗ്യവകുപ്പിന്റെ ആംബുലൻസ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പേവിഷബാധയ്ക്കുള്ള പ്രതിരോധമരുന്ന് മലപ്പുറം ജില്ലയിൽ ലഭ്യമാക്കാൻ നടപടി</u>

2323 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേ വിഷയബാധയ്ക്കുള്ള പ്രതിരോധ കുത്തിവെപ്പിനുള്ള മരുന്ന് (ഐ.ഡി.ആർ.വി) മലപ്പുറം ജില്ലയിൽ ലഭ്യമല്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രതിരോധ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(സി) ഐ.ഡി.ആർ.വി. ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ആന്റി റാബീസ് വാക്സിൻ സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി ബ്ലോക്കിന്റെ നിർമ്മാണം

2324

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചത് എന്നാണ്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ചെലവായ തുകയുടെയും ആയതിന്റെ നിർവ്വഹണ ഏജൻസിയുടെയും വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണത്തിൽ അപാകതകൾ ഉള്ളത് പരിശോധിക്കുന്നതിന് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ</u>

2325 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയും സ്റ്റാഫിനെ നിയമിച്ചും ജനോപകാരപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഒ.പി.യിൽ ദിവസവും വന്നുചേരുന്ന രോഗികളുടെ എണ്ണമനുസരിച്ച് അത്യാവശ്യമുള്ള പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരം</u>

2326 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യത്യസ്ത ശേഷിയുള്ളവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന സംവിധാനം ലഘൂകരിക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച യോഗ്യതകളോടുകൂടിയ ഡോക്ടർമാർ സി.എച്ച്.സി.കളിൽ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സി.എച്ച്. സി. കളിലെ മെഡിക്കൽ ഓഫീസർമാർക്ക് ശാരീരിക വൈകല്യം സംബന്ധിച്ച സർട്ടിഫിക്കറ്റ് നൽകുന്നതിന് അധികാരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പി.എച്ച്.സി.കളിൽ 24 മണിക്കൂർ ഡോക്ടർമാരുടെ സേവനം</u>

2327 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പി.എച്ച്.സി.കളിൽ 24 മണിക്കൂർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പി.എച്ച്.സി.യുടെ പ്രവർത്തന സമയം എത്ര മണി മുതൽ എത്രവരെയാണെന്നും ഇതിൽ ഏത് സമയങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>റാന്നി താലൂക്ക് ആശുപത്രിയോട് കാണിക്കുന്ന അവഗണന</u>

2328 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പ്രൈമറി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തിയത് എന്നാണ്; റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ എന്നും അതിൽ ഇപ്പോൾ വേക്കന്റ് ആയി കിടക്കുന്നവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ;

(ബി) താലൂക്ക് ആശുപത്രി നിലവാരത്തിനു വേണ്ട തസ്തികകളുടെ എണ്ണം എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിലെ ഐ.സി.യു എന്നാണ് സജ്ജമാക്കിയത്; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; ഇത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇവിടെ ഓപ്പറേഷൻ തിയേറ്റർ സജ്ജമാക്കുന്നതിന് എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഇതുപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ എന്തൊക്കെ; റാന്നി ബ്ലോക്ക് പഞ്ചായത്ത് ഇവിടെ തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഈ തുക ഉപയോഗിച്ചത് എന്തിനുവേണ്ടിയാണ്;

(ഇ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പത്തനംതിട്ട ജില്ലയിലെ വിവിധ ആശുപത്രികളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെ എന്ന് ആശുപത്രിയുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ;

(എഫ്) ശബരിമലയുടെ താലൂക്ക് ആശുപത്രിയായ റാന്നി താലൂക്കാശുപത്രിയോട് കാണിക്കുന്ന ഈ അവഗണന അവസാനിപ്പിക്കുന്നതിനും ഈ ആശുപത്രിയിലെ നിലവിലുള്ള സ്പെഷ്യാലിറ്റി കേഡറുകളിലെ ഒഴിവുകളായ സർജൻ(1) ഗൈനക്കോളജിസ്റ്റ് എന്നിവയടക്കമുള്ളത് നികത്തുന്നതിനും, താലൂക്കാശുപത്രി നിലവാരത്തിലുള്ള ബാക്കി തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആശുപത്രികളുടെ ശോചന്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി</u>

2329 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ ശോചന്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ കാഷ്വാൽറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത താലൂക്ക് ആശുപത്രിയിൽ കെട്ടിട നിർമ്മാണം, മെയിൽവാർഡ് ഇവ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**എലിഞ്ഞിപ്ര സി.എച്ച്.സി. യിലേക്ക് ജീവനക്കാരെ നിയമിക്കാൻ നടപടി**

2330 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ എലിഞ്ഞിപ്ര പി.എച്ച്.സി.യെ സി.എച്ച്.സി. ആക്കി ഉയർത്തിയെങ്കിലും ആവശ്യമായ ഡോക്ടർമാർ, സ്റ്റാഫുകൾ, സൗകര്യങ്ങൾ എന്നിവ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്. എം. പദ്ധതി പ്രകാരം സി. എച്ച്. സി
പി. എച്ച്. സി. വികസനം</u>

2331 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം. പദ്ധതിയുടെ ഭാഗമായി പി. എച്ച. സി., കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയ്ക്ക് എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സി. എച്ച്. സി., ഓമാനൂർ സി. എച്ച്. സി. എന്നിവിടങ്ങളിൽ പുതിയ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷ നടപ്പാക്കുന്നതിനായി അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർമാരുടെ നിയമനം</u>

2332 ശ്രീ. എം. ഉമ്മർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമ നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിക്കുമ്പോൾ ഏത് റാങ്കിലുള്ള ജീവനക്കാരെയാണ് പരിഗണിക്കുന്നത്; വിശദമാക്കുമോ;

(സി) ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ ഇത്തരം ഓഫീസർമാരായി നിയമിക്കുന്നകാര്യം പരിഗണിക്കുമോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഉടൻ നിയമനം നടത്തുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാനിയമപ്രകാരം നടപടി</u>

2333 ശ്രീ. പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാനിയമപ്രകാരം ഹോട്ടലുകളിലും ഭക്ഷണവസ്തുക്കള്‍ വില്‍ക്കുന്ന സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളില്‍ പരിശോധന നടത്താറുണ്ടോ;

(ബി) എങ്കില്‍, പ്രസ്തുതനിയമപ്രകാരം 2013 ജനുവരി മുതല്‍ എത്ര സ്ഥാപനങ്ങള്‍ക്കെതിരെ കേസ്സെടുത്തുവെന്നും, ആയതില്‍ എത്ര സ്ഥാപനങ്ങള്‍ക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഭക്ഷണശാലകളിലും ബേക്കറികളിലും ഭക്ഷ്യസുരക്ഷ സംബന്ധിച്ച ഫലപ്രദമായ പരിശോധന</u>

2334 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷണശാലകളിലും ബേക്കറികളിലും ഭക്ഷ്യസുരക്ഷ സംബന്ധിച്ച ഫലപ്രദമായ പരിശോധന നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവാണ് ഇത്തരം പ്രവണതയ്ക്ക് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജില്ലകൾതോറും അഡ്ജൂഡിക്കേറ്റിങ്ങ് ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഇത്തരം പരിശോധനയ്ക്ക് നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## അനലിറ്റിക്കൽ ലാബിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവുകൾ നികത്തുന്നതിന് നടപടി

2335 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിൽ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ അനലിറ്റിക്കൽ ലാബിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവുകൾ നികത്തുന്നതിന് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനായി ഫുഡ് സേഫ്റ്റി കമ്മീഷണർ സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പിൽ നിലവിലുള്ള 5020/ഇ2/2013/എച്ച്.എഫ്.ഡബ്ല്യു. ഫയലിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ;

(ഡി) എങ്കിൽ അവ പരിഹരിക്കുന്നതിനും താൽക്കാലിക പ്രമോഷൻ നൽകുന്നതിന് അനുകൂല ഉത്തരവു നൽകുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>മനുഷ്യരിലെ മരുന്ന് പരീക്ഷണം</u>

2336 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യരിലെ മരുന്ന് പരീക്ഷണം അന്വേഷിക്കുവാൻ സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ;

(ബി) കമ്മിറ്റിയുടെ തലവൻ ആരായിരുന്നുവെന്നും റിപ്പോർട്ട് സമർപ്പിച്ചുവോ എന്നും അറിയിക്കാമോ;

(സി) റിപ്പോർട്ട് സമർപ്പിച്ചുവെങ്കിൽ ഇതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

വിദേശ നിർമ്മിത മരുന്നുകളുടെ വില്പന

2337 ശ്രീ. കെ. രാധാകൃഷ്ണൻ
,, എം. ഹംസ
,, സി. കൃഷ്ണൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് മരുന്നുകടകളിലും സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിലും വിദേശത്ത് നിർമ്മിക്കപ്പെട്ടതും ഗുണം കുറഞ്ഞതുമായ മരുന്നുകൾ വ്യാപകമായി വില്ക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദേശത്തു നിർമ്മിക്കുന്ന മരുന്നുകൾ സംസ്ഥാനത്ത് വില്പന നടത്തുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് ഇത്തരം മരുന്നുകളുടെ വില്പന തടയാനായി എന്തു നടപടികൾ സ്വീകരിച്ചെന്നറിയിക്കാമോ ;

(ഡി) ഗുണ നിലവാരം കുറഞ്ഞ മരുന്നു വിറ്റതിന്റെ പേരിൽ സംസ്ഥാനത്ത് എടുത്ത കേസ്സുകളുടെ വിശദാംശം നൽകാമോ ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>അധികവില ഈടാക്കുന്ന മരുന്ന് കമ്പനികള്‍</u>

2338 ശ്രീ.എളമരം കരീം
,, എസ്.ശര്‍മ
,, രാജു എബ്രഹാം
,, കെ.കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മരുന്നു കമ്പനികള്‍ അമിത വില ഈടാക്കുന്ന കാര്യം കേന്ദ്ര സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെടുത്തിയിട്ടുണ്ടോ; കേന്ദ്ര സര്‍ക്കാരിന് അയച്ച കത്തിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തില്‍ കേന്ദ്ര സര്‍ക്കാര്‍ ആര്‍ക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തില്‍ സംസ്ഥാനതല നിര്‍വ്വഹണ ഏജന്‍സിയായ ഡ്രഗ്സ് കണ്‍ട്രോളര്‍ 2012 മുതല്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ;

(ഡി) നിയമലംഘനത്തിന്റെ പേരില്‍ സംസ്ഥാനത്ത് ആര്‍ക്കെങ്കിലും എതിരെ അവശ്യവസ്തു നിയമ പ്രകാരം 2012 ഏപ്രില്‍ മുതല്‍ 2013 ഫെബ്രുവരി 28 വരെയുള്ള കാലയളവില്‍ കേസ്സെടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

2339 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കമ്പനികളുടെ മരുന്നുകൾ നിലവിൽ വിതരണം ചെയ്തു വരുന്നു; ഇതിൽ കേരളത്തിനു പുറത്തുള്ള എത്ര കമ്പനികൾ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഒരു വർഷം കേരളത്തിൽ എത്ര മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്; ഇതിൽ എത്ര ശതമാനം ഉപയോഗയോഗ്യമല്ല; വ്യക്തമാക്കുമോ;

(സി) കേരളത്തിൽ വ്യാജമരുന്നുകൾ ഇല്ലായെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ വിപണനം ചെയ്യുന്ന മരുന്നുകൾ എല്ലാം തന്നെ സർക്കാരിന്റെ അറിവോടെയാണ് വിപണനം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>നിരോധിക്കപ്പെട്ട മരുന്നുകൾ</u>

2340 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട മരുന്നുകളുടെ വില്പന നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരോധിക്കപ്പെട്ട മരുന്നുകൾ കണ്ടെത്തുന്നതിന് കടകളിലും ഫാക്ടറികളിലുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) റെയ്ഡ് നടത്തി നിരോധിക്കപ്പെട്ട മരുന്നുകൾ കണ്ടെത്തിയ സ്ഥാപനങ്ങളുടെയും ഫാക്ടറികളുടെയും പേരുവിവരം ജില്ലതിരിച്ചു വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

2341

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തിനു പുറത്തുള്ള ലാബുകളിലും മറ്റും അയയ്ക്കുന്ന സാമ്പിൾ പരിശോധന കഴിഞ്ഞുവരുമ്പോൾ പ്രസ്തുത മരുന്ന് പൂർണ്ണമായും വിറ്റഴിച്ചു കഴിഞ്ഞിട്ടാവുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ കഴിക്കേണ്ടിവരുന്ന രോഗികൾക്ക് രോഗം മൂർച്ഛിക്കുകയും മറ്റു പാർശ്വഫലങ്ങൾ ഉണ്ടാക്കാറുമുള്ളതായ വിദഗ്ദ്ധാഭിപ്രായം പരിശോധിച്ചിട്ടുണ്ടോ;

(സി) ജില്ലാ കേന്ദ്രങ്ങളിൽ മരുന്നുകൾ പരിശോധിക്കാനാവശ്യമായ ലാബുകൾ സ്ഥാപിക്കാനും, രാജ്യാന്തര നിലവാരത്തിലുള്ള മരുന്നുകൾ മാത്രം വിപണിയിൽ എത്തിക്കാനും ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സീറോ ഡയഗ്നോസ്റ്റിക് ടെസ്റ്റ് - നിരോധനം</u>

2342

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിരോധിച്ച ക്ഷയരോഗ നിർണ്ണയ പരിശോധന - സീറോ ഡയഗ്നോസ്റ്റിക് ടെസ്റ്റ് - സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലാബുകളിലും തുടരുന്നതായ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഫലത്തിലെ കൃത്യതയില്ലായ്മ മൂലം കേന്ദ്ര ആരോഗ്യ മന്ത്രാലയം നിരോധിച്ച ഈ ടെസ്റ്റ് നടത്തുന്ന സ്ഥാപനങ്ങൾ കണ്ടെത്താൻ പ്രത്യേക പരിശോധനാസംഘത്തെ ചുമതലപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണം

2343 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സൗജന്യമായി എത്ര രൂപയുടെ മരുന്നുകൾ വിതരണം ചെയ്യപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ താലൂക്കാശുപത്രികൾ സി.എച്ച്. സി കൾ, പി.എച്ച് സി.കൾ എന്നിവയിൽ ഒ. പി. വഴി എത്ര രോഗികൾ രജിസ്റ്റർ ചെയ്യുന്നു; ചികിത്സ തേടുന്നു;

(സി) ഐ. പി. വഴി ചികിത്സ തേടുന്നവർ എത്ര;

(ഡി) 2006 മുതൽ 2011 വരെയുള്ള ഒ.പി., ഐ. പി. എന്നിവയുടെ കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ, പി.എച്ച്.സി. കൾ എന്നിവയിലെ കണക്ക് പ്രത്യേകം പ്രത്യേകം അറിയിക്കാമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

മാവൂരിൽ കാൻസർ ചികിൽസാ സൗകര്യം

2344

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിൽസക്കായി സൗജന്യമായി വിട്ടുകിട്ടിയ സ്ഥലം മലബാർ കാൻസർ സെന്ററിന് കൈമാറിയ കഴിഞ്ഞ സർക്കാറിന്റെ ഉത്തരവ് റദ്ദ് ചെയ്യാനുണ്ടായ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപനം പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം ഉപേക്ഷിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ വീണ്ടും പ്രസ്തുത സ്ഥലം മലബാർ കാൻസർ സെന്ററിന് പതിച്ചുകൊടുത്തുകൊണ്ട് GO(Ms)No.362/2012/RD. dated 27/09/12 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(എഫ്) കാലതാമസം കൂടാതെ കാൻസർ ചികിൽസക്ക് ഉതകുന്ന വിധം ഈ സ്ഥാപനം തുടങ്ങുന്നതിന് തുക നീക്കി വെച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

കാൻസർ രോഗികൾക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ

2345

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ നൽകുന്ന തുക 525/- രൂപ ആയി വർദ്ധിപ്പിച്ചത് എന്നു മുതലാണ്;

(ബി) വർദ്ധിപ്പിച്ച പ്രകാരമുള്ള തുക ഈ സാമ്പത്തിക വർഷത്തിൽ രോഗികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ;

(സി) കൊട്ടാരക്കര താലൂക്കിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക കാൻസർ രോഗികൾക്ക് ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കാൻസർ കെയർ പദ്ധതി</u>

2346 ശ്രീ. പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ കെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കാൻസർ രോഗനിർണ്ണയം</u>

2347 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം കാൻസർ മുഖേന എത്ര പേർ ശരാശരി മരണപ്പെടുന്നുവെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്;

(ബി) കാൻസർ രോഗനിർണ്ണയം വൈകുന്നതുമൂലം മരണനിരക്ക് വർദ്ധിക്കുന്ന സാഹചര്യമൊഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) രോഗനിർണ്ണയം സംബന്ധിച്ച് എല്ലാ സർക്കാർ ഡോക്ടർമാർക്കും ആവശ്യമായ പരിശീലനം നല്കുകയും എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കാൻസർ രോഗബാധിതർക്ക് സൗജന്യ മരുന്നുകൾ</u>

2348

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാൻസർ രോഗബാധിതർക്ക് ആവശ്യമായ മരുന്നുകൾ രോഗിയുടെ വീടുകളിൽ എത്തിക്കുന്ന നടപടിക്ക് തുടക്കം കുറിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## <u>കാൻസറിന് സാധ്യതയുള്ള ഹോർമോണുകൾ പ്രയോഗിച്ച ഇറച്ചിക്കോഴികൾ</u>

2349

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ മനുഷ്യശരീരത്തിൽ കാൻസറിന് സാധ്യതയുള്ള ചില ഹോർമോണുകൾ പ്രയോഗിക്കുന്നു എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന കോഴികളിൽ മനുഷ്യശരീരത്തിൽ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വിദേശ നിർമ്മിത മരുന്നുകൾ കുത്തിവയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജ് ഫാർമസിയിൽ കാൻസർ മരുന്നുകൾ ലഭ്യമാക്കാൻ നടപടി**

2350 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ഫാർമസിയിൽ കാൻസർ മരുന്നുകൾ വേണ്ടത്ര ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ മരുന്നുകളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ

2351 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ 2011-2012 സാമ്പത്തികവർഷം ആകെ എത്ര തുകയുടെ മരുന്നുകളാണ് സംഭരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തികവർഷം ആകെ എത്ര തുകയുടെ മരുന്നുകൾ സംഭരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഏറ്റവും കൂടുതൽ തുക ചെലവഴിച്ചു സംഭരിച്ച മരുന്ന് ഏതെന്നും ഏതെല്ലാം കമ്പനികളിൽ നിന്നാണു സംഭരിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) ഏറ്റവും കൂടുതൽ അളവിൽ സംഭരിച്ച മരുന്ന് ഏതെന്നും എത്ര അളവിൽ ഏതു കമ്പനികളിൽനിന്നും സംഭരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) 2012-2013-ൽ ഏതെല്ലാം കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മരുന്നു സംഭരിച്ചുവെന്നും എത്ര തുകയ്ക്കുള്ള മരുന്നാണ് ഓരോ പൊതുമേഖലാ സ്ഥാപനത്തിൽനിന്നും സംഭരിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിന്റെ ഏകീകരണം**

2352 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിന്റെ ഏകീകരണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ജീവിത ശൈലി രോഗങ്ങളും - ആരോഗ്യബോധവത്ക്കരണ ക്ലാസ്സുകളും

2353 ശ്രീ. സി. എഫ് തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലി രോഗങ്ങളും കാൻസർ ഉൾപ്പെടെ ഉള്ള മാരകരോഗങ്ങളും സംസ്ഥാനത്ത് വ്യാപകമാകുന്ന സാഹചര്യത്തിൽ ഇതിനെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ജനങ്ങൾക്ക് അവബോധം നൽകുവാനും ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ബ്ലഡ് പ്രഷർ - ഷുഗർ പോലെയുള്ള രോഗങ്ങൾ ക്രമാതീതമായി പെരുകുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പല അലോപ്പതി മരുന്നുകൾ ഉപയോഗിക്കുന്നത് മൂലം പ്രഷറും ഷുഗറും പെട്ടെന്ന് പിടിപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെ ഫലപ്രദമായി നേരിടാൻ എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ജീവിത ശൈലീ രോഗങ്ങളെ കുറിച്ചും സമൂഹത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളിലും യുവജനങ്ങളിലും അവബോധം വളർത്തുന്നതിന് സ്കൂൾ-കോളേജ് തലങ്ങളിൽ വ്യാപകമായ പ്രചാരണം സംഘടിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ .

(ഇ) ആരോഗ്യ ബോധവത്ക്കരണ ക്ലാസുകൾ ഗ്രാമതലങ്ങളിൽ വ്യാപകമാക്കുന്നതിന് പി.എച്ച്.സി.കളുടെ നേതൃത്വത്തിൽ യുവജനക്ലബ്ബുകളെയും കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്
### ജീവിതശൈലീ രോഗങ്ങളുടെ കാരണങ്ങൾ

2354 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങളായ ബ്ലഡ് പ്രഷർ, പ്രമേഹം പോലുള്ള ഗൗരവകരമായ അസുഖങ്ങൾ പലതും നമ്മൾ പലപ്പോഴും മറ്റു രോഗങ്ങളുടെ ചികിത്സാർത്ഥം കഴിക്കുന്ന മരുന്നുകളുടെ അനന്തരഫലങ്ങൾ കൂടിയാണോ എന്നു പരിശോധിക്കുവാൻ എന്തെങ്കിലും പഠനങ്ങൾ ആരോഗ്യ മേഖലയിൽ നടക്കുന്നുണ്ടോ എന്നു പറയാമോ;

(ബി) പ്രതിരോധ മരുന്നുകളും വാക്സിനുകളും പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സൗജന്യമായി വിതരണം ചെയ്യുമ്പോൾ അതു കഴിക്കേണ്ടവർ മറ്റെന്തെങ്കിലും അസുഖങ്ങൾ ഉള്ളവരും അത്തരം അസുഖങ്ങൾക്ക് മരുന്നു കഴിക്കുന്നവരുമാണോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) ഇപ്രകാരം പ്രതിരോധ മരുന്നുകൾ കഴിക്കുമ്പോൾ അപൂർവ്വമെങ്കിലും ചില അസ്വസ്ഥതകളോ, അസുഖങ്ങളോ മരുന്നു കഴിക്കുന്നവരിലും കുട്ടികളിലും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം അനുഭവങ്ങൾ പ്രതിരോധ മരുന്നുകളെക്കുറിച്ച് തെറ്റിദ്ധാരണകൾ ഉണ്ടാക്കാനിടയുണ്ടെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എന്തു നടപടികളാണ് ഇതിന്റെ പേരിൽ കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>അയൺ ഗുളികകൾ കഴിക്കുന്നതുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ</u>

2355

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്ത അയൺ ഗുളിക കഴിച്ചതിനെ തുടർന്ന് എവിടെയെങ്കിലും കുട്ടികൾക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എന്തു കാരണത്താലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ; സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് മാത്രമാണോ ഇപ്രകാരം അയൺ ഗുളികകൾ വിതരണം ചെയ്യുന്നത് എന്നു പറയാമോ;

(ബി) സ്കൂൾ കുട്ടികൾക്ക് അയൺ ഗുളികകൾ വിതരണം ചെയ്യുന്നതിന് ഉണ്ടായ സാഹചര്യങ്ങൾ എന്താണെന്നു വ്യക്തമാക്കാമോ; കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ ഇപ്രകാരം ചെയ്തിട്ടുള്ളത് എന്നു പറയാമോ; ഇതു സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അയണിന്റെയും മറ്റ് പോഷക ഘടകങ്ങളുടെയും പോരായ്മകൾ മൂലം കുട്ടികളിൽ ഉണ്ടാകുന്ന അസുഖങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും നല്ല പോഷകഗുണമുള്ള ഭക്ഷണം കുട്ടികൾക്ക് സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഈ പോരായ്മകൾ ഗുളികകൾ നൽകി പരിഹരിക്കാനാവുമെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഡി. എം. ഇ - ഡി. എച്ച്. എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ</u>

2356 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി. എം. ഇ - ഡി. എച്ച്. എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കലിന്റെ ഭാഗമായി ഡി. എം. ഇ. നിയമനത്തിനായി പ്രസിദ്ധീകരിച്ച വിവിധ തസ്തികകളുടെ ലിസ്റ്റിന്മേൽ ആകെ എത്ര അപ്പീലുകൾ വകുപ്പിൽ ലഭിച്ചു; തസ്തിക തിരിച്ച് പൂർണ്ണവിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപ്പീലുകളിന്മേൽ ഏതെല്ലാം അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപ്പീലുകൾ ഏതെല്ലാം വകുപ്പ് നിരാകരിച്ചു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഡി. എം. ഇ - ഡി. എച്ച്. എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയ</u>

2357 ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി. എം. ഇ - ഡി.എച്ച്.എസ് ഇരട്ട നിയന്ത്രണം ഒഴിവാക്കൽ പ്രക്രിയയിൽ അനർഹർ കടന്നുകൂടിയതുമായി ബന്ധപ്പെട്ട് ഏതെല്ലാം കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നു;

(ബി) പ്രസ്തുത കോടതി വ്യവഹാരങ്ങളിൽ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികളുടെ പൂർണ്ണവിവരം വ്യക്തമാക്കാമോ;

(സി) ഓഫ്താൽമിക് അസിസ്റ്റന്റ്, ക്ലറിക്കൽ വിഭാഗങ്ങളിൽ നിലനിൽക്കുന്ന കേസുകളിൽ വകുപ്പ് സർക്കാർ തലത്തിൽ ഓരോ വ്യവഹാരത്തിലും സ്വീകരിച്ച നടപടികളുടെ വിവരം വ്യക്തമാക്കുമോ;

(ഡി) കോടതി വ്യവഹാരങ്ങളിൽ വകുപ്പ്/സർക്കാർ തലത്തിൽ സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കാത്തവർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച്</u>

2358 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽകോളേജ് ആശുപത്രിയിൽ 2011 ഏപ്രിൽ 6-ാം തീയതി പതിനൊന്നുവയസ്സുള്ള അക്ഷയ എന്ന പെൺകുട്ടി ചികിത്സാപിഴവുമൂലം മരണപ്പെട്ടു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കുട്ടിയുടെ മാതാപിതാക്കൾ മനുഷ്യാവകാശ കമ്മീഷന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അക്ഷയയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായ നഷ്ടപരിഹാരതുക നാളിതുവരെ നൽകാത്തതിന് കാരണം വ്യക്തമാക്കുമോ; തുക അടിയന്തിരമായി അക്ഷയയുടെ കുടുംബത്തിന് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

നവജാത ശിശു മരിക്കാനിടയായ സാഹചര്യം

2359 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേപ്പാറ ഫോറസ്റ്റ് റെയ്ഞ്ചിൽപ്പെട്ട ആദിവാസി സെറ്റിൽമെന്റിലെ ജയകുമാറിന്റെ നവജാത ശിശു പരിചരണം ലഭിക്കാത്തതുമൂലം മരണപ്പെടാനിടയായ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആരോഗ്യ വകുപ്പിന്റെ അനാസ്ഥമൂലമൂള്ള ഇത്തരം ദാരുണ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തെങ്കിലും മുൻകരുതൽ എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലകളിലെ പി.എച്ച്.സി കളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും എൻ.ആർ. എച്ച്.എം. ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട ഫയൽ</u>

2360 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ ബ്ലോക്ക് വി.ഇ.ഒ.ആയി ജോലി നോക്കുന്ന ശ്രീ. വേണുഗോപാലിന്റെ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ഗ്രാമവികസന കമ്മീഷണർ ഓഫീസിൽനിന്നും ഡി.എച്ച്.എസിലേയക്ക് റിപ്പോർട്ടിനുവേണ്ടി അയച്ച ഫയലിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫയലിന്റെ ഡി.എച്ച്.എസ്. ഫയൽ നമ്പർ എത്രയാണ്; ഇതിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് സമർപ്പിച്ചുഎന്ന് വ്യക്തമാക്കാമോ; ഈ റിപ്പോർട്ട് ഗ്രാമവികസന കമ്മീഷറേറ്റിലേയ്ക്ക് സമർപ്പിക്കുന്നതിന് ഭരണപരവും സാങ്കേതികവുമായ തടസ്സം എന്തെങ്കിലും ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ അനാസ്ഥമൂലം പ്രസവത്തിനിടെ മരണപ്പെട്ടവർ

2361 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനിടയിലും, പൂർണ്ണഗർഭിണിയായിരിക്കെയും എത്രപേർ മരണപ്പെട്ടുവെന്ന് ജില്ലതിരിച്ചു വ്യക്തമാക്കുമോ; ഇതിൽ കൂടുതൽ പേർ മരണപ്പെട്ടത് ഏതു സർക്കാർ ആശുപത്രിയിലാണ്; വ്യക്തമാക്കുമോ;

(ബി) ഈ മരണങ്ങളിൽ പലതും ഡോക്ടർമാരുടെ കൈപ്പിഴവുമൂലം സംഭവിച്ചതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം മരണപ്പെട്ട എത്രപേരുടെ കുടുംബങ്ങൾക്കു ധനസഹായം നൽകിയെന്നും, ആയതുവഴി ആരോഗ്യവകുപ്പിന് എത്ര തുക ചെലവഴിക്കേണ്ടിവന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം മരണപ്പെടുന്ന എല്ലാവരുടെയും കുടുംബങ്ങൾക്കു ധനസഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരത്തിലുള്ള മരണം സംഭവിച്ചതിന്റെ ഭാഗമായി എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും, ഇതിൽ എത്ര ഡോക്ടറിതര ജീവനക്കാർ നടപടിക്കു വിധേയരായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സ്റ്റാഫ് പാറ്റേൺ</u>

2362 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സ്റ്റാഫ് പാറ്റേൺ എന്നാണ് പരിഷ്ക്കരിച്ചത്;

(ബി) ആരോഗ്യവകുപ്പിലെ ഫീൽഡുവിഭാഗം നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ സ്റ്റാഫ് പാറ്റേൺ പുതുക്കിയത് എന്നാണ്;

(സി) ഏതു മാനദണ്ഡത്തിലാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>നഴ്സുമാരുടെ നിയമനവും ട്രാൻസ്ഫറും</u>

2363 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(പി) നമ്പർ180/2004/എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയതി 6.03.2004 പ്രകാരം നോൺ ഗസറ്റഡ് തസ്തികയിൽപ്പെട്ട നേഴ്സുമാരുടെ നിയമനം, ട്രാൻസ്ഫർ എന്നിവയുടെ ചുമതല അഡീഷണൽ ഡയറക്ടർ ഓഫ് നഴ്സിങ്ങ് ആണെന്നുള്ള വ്യവസ്ഥ പ്രാവർത്തികമായി നടപ്പിലാക്കുന്നുണ്ടോ;

(ബി) നിലവിൽ പ്രസ്തുത കാറ്റഗറിയിലുള്ള ജീവനക്കാരുടെ നിയമനവും ട്രാൻസ്ഫർ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് നടത്തിപ്പിനുള്ള ചുമതലയും അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) തന്നെയാണ് നടത്തിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സർക്കാർ ഉത്തരവിന്റെ ലംഘനമെന്ന് കണ്ട് പ്രസ്തുത അധികാരം നിയമപരമായി നിറവേറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തിക വർദ്ധിപ്പിക്കാൻ നടപടി</u>

2364 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാർ ആശുപത്രികളിൽ എത്ര ലബോറട്ടറി ടെക്നീഷ്യൻമാരുടെ തസ്തികയാണുള്ളത്; അതിൽ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നു;

(ബി) 3.33 കോടി ജനതയുടെ രോഗനിർണ്ണയം നടത്താൻ പ്രസ്തുത തസ്തികകൾ മതിയാകുമോ; ആയതിൽ കാലോചിത മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണ്ണയം നടത്തുവാൻ ലബോറട്ടറികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ പലതും ഒരേ രോഗനിർണ്ണയം നടത്താൻ രോഗികളിൽ നിന്ന് വ്യത്യസ്ത നിരക്കിലാണ് ഫീസ് ഈടാക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഈ ദുഷിച്ച പ്രവണത പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ പലതും രോഗനിർണ്ണയം നടത്തി റിപ്പോർട്ട് നൽകുന്നത് ശരിയായ വിധത്തിലല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിൽ നിയമനം</u>

2365 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിൽ നിയമനം നടത്തുന്നതിന് ഇതുവരെയുണ്ടായിരുന്ന യോഗ്യത എന്തെന്ന് വ്യക്തമാക്കാമോ;

(ബി) മുംബൈ ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് നൽകുന്ന സാനിട്ടറി ഇൻസ്ട്രക്ടർ ഡിപ്ലോമ സർട്ടിഫിക്കറ്റുള്ള നിരവധി ഉദ്യോഗാർത്ഥികൾക്ക് പുതിയ പി.എസ്.സി. വിജ്ഞാപനം പ്രകാരം ഈ തസ്തികയിൽ അപേക്ഷിക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(സി) എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിൽ ഈ തസ്തികയിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഡോക്ടര്‍മാരുടെ നൈറ്റ് ഡ്യൂട്ടി ക്രമീകരണം</u>

2366 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഡോക്ടര്‍മാരുടെ നൈറ്റ് ഡ്യൂട്ടി ക്രമീകരണം സംബന്ധിച്ച സര്‍ക്കുലര്‍ ഉണ്ടെങ്കില്‍ ലഭ്യമാക്കാമോ; ഒരു നൈറ്റ് ഡ്യൂട്ടിക്ക് എത്ര ഓഫ് ആണെന്ന് വിശദീകരിക്കാമോ;

(ബി) ഒരു നൈറ്റ് ഡ്യൂട്ടിക്ക് മുമ്പ് ഒരു പകലും, നൈറ്റ് ഡ്യൂട്ടിക്ക് ശേഷം ഒരു പകലും ഓഫ് എന്നത് ഏതെങ്കിലും മെഡിക്കല്‍ കോളേജ്/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രിയില്‍ നിലവിലുണ്ടോ; വ്യക്തമാക്കുമോ; എങ്കില്‍ ഏത് സര്‍ക്കുലര്‍ പ്രകാരം എന്ന് പറയാമോ;

(സി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയില്‍ എങ്ങനെയെല്ലാമാണ് നൈറ്റ് ഡ്യൂട്ടി ക്രമീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ- ഇംപേഴ്സ്മെന്റ്</u>

2367 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീം- ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷകർക്ക് മുൻഗണന അനുസരിച്ച് ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുൻഗണന മറികടന്ന് സഹായം നൽകുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ;

(ഇ) ഇങ്ങനെ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ ഷിഫ്റ്റ് സമ്പ്രദായം

2368

ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാരാണ് മൂന്ന് ഷിഫ്റ്റ് സമ്പ്രദായത്തിൽ ജോലി ചെയ്യുന്നത്;

(ബി) നാളിതുവരെ G.O.(MS)84162/HLD Dt.14.11.1962 പ്രകാരം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും ഹോസ്പിറ്റൽ അസിസ്റ്റന്റ് ആയി എത്ര പ്രൊമോഷൻ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഹോസ്പിറ്റൽ അസിസ്റ്റന്റ് ഗ്രേഡ്-II, I, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് നിലവിൽ എത്ര ഷിഫ്റ്റ് ജോലിയാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) നിലവിലുള്ള 2008-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 12 ബെഡ്ഡിന് ഒരു സ്റ്റാഫ് നഴ്സ് എന്നത് 10 ബെഡ്ഡിന് ഒന്ന് എന്ന് പുതുക്കി നിശ്ചയിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ചാവക്കാട് താലൂക്ക് ഹെഡ് ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ ജീവനക്കാരുടെ അഭാവം

2369 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാവക്കാട് താലൂക്ക് ഹെഡ് ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ മതിയായ ജീവനക്കാരില്ലാത്തത് മൂലം ജനങ്ങള്‍ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഓരോ തസ്തികയിലും ഉള്ള ഒഴിവുകള്‍ എത്രവീതമെന്നും എത്രകാലമായി ഒഴിവുകള്‍ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ :

(സി) ഒഴിവുകള്‍ നികത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് എന്റമോളജിസ്റ്റ് നിയമനം</u>

2370 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് എന്റമോളജിസ്റ്റ് നിയമനത്തിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന് പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഗ്രേഡ് II അറ്റൻഡർമാരെ പിരിച്ചുവിട്ട നടപടി</u>

2371 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 9-ഉം 10-ഉം വർഷമായി ഗ്രേഡ്-II അറ്റൻഡർ തസ്തികയിൽ പത്തനംതിട്ട ജില്ലയിലെ വിവിധ ആശുപത്രികളിൽ ജോലി നോക്കിയിരുന്ന ആളുകളെ പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ഇവരെ പിരിച്ചു വിടുന്നതു സംബന്ധിച്ച് ഏതെങ്കിലും ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉത്തരവിലെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ ഒഴിവുകൾ എത്രയെണ്ണമാണ് ഉണ്ടായിട്ടുള്ളത്; ഈ ഒഴിവുകൾ എങ്ങനെയാണ് നികത്തിയിട്ടുള്ളത്;

(ഡി) മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ അറ്റൻഡർ ഗ്രേഡ്-2 തസ്തികകളിൽ ഒഴിവുണ്ടായിട്ടും അത് നികത്താതെ, ആരോഗ്യവകുപ്പിലെ തസ്തികകളിൽ മാത്രം നിയമനം നടത്തുന്നത് ഒഴിവാക്കുമോ;

(ഇ) മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ഒഴിവുകൾ നികത്തുന്നതിന് ആനുപാതികമായി മാത്രം ആരോഗ്യ വകുപ്പിലെ ഒഴിവുകൾ നികത്തി ആരോഗ്യവകുപ്പിലെ നിലവിൽ ജോലി ചെയ്യുന്നവർക്ക് തുടരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആലത്തൂർ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുനികത്തുവാൻ നടപടി</u>

2372 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികയിലേയ്ക്ക് എന്നത്തേയക്ക് നിയമനം നടത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ആലത്തൂർ ആശുപത്രിയിൽ നിയമിച്ചിട്ടുള്ള ഡോക്ടർമാരേയും നഴ്സുമാരേയും 'വർക്കിംഗ് അറേഞ്ച്മെന്റ്' എന്ന പേരിൽ മറ്റു ആശുപത്രിയിലേയ്ക്ക് ഡ്യൂട്ടിയ്ക്കു നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര പേരെയാണ് ഇങ്ങനെ നിയമിച്ചിട്ടുള്ളത്;

(ഇ) ആലത്തൂർ ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുനികത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

## വർദ്ധിച്ച ശിശുമരണനിരക്ക്

2373 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുമരണ നിരക്ക് ഇപ്പോൾ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) ശിശുമരണ നിരക്ക് കൂടുന്നതിന് കാരണമാകുന്ന ഘടകങ്ങളെപ്പറ്റി പഠനം നടത്തുന്നുണ്ടോ; എങ്കിൽ ഇതിന് കാരണമാകുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ്;

(സി) സർക്കാർ ആശുപത്രി സംവിധാനങ്ങൾ വിപുലീകരിച്ചാൽ പൂർണ്ണ വളർച്ച എത്താത്ത കുട്ടികളുടെ സംരക്ഷണത്തിന് പോംവഴികൾ ഉണ്ടാക്കാൻ കഴിയുമോ; ഇതിനുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

2012 –2013 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക

2374 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകുടുംബക്ഷേമ മേഖലയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി 2012-2013 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണ് ;

(ബി) ഇതിൽ ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സാമ്പത്തിക വർഷം അവസാനിക്കുന്ന ഈ കാലയളവിലും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം ഈ മേഖലയിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനും ആവിഷ്ക്കരിച്ച പദ്ധതികൾ പൂർത്തിയാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>മോഡുലാർ തിയേറ്റർ സ്ഥാപിക്കുന്നതിന് നടപടി</u>

2375 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലും, മാതൃശിശു സംരക്ഷണ കേന്ദ്രത്തിലും മോഡുലാർ തീയേറ്റർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) മോഡുലാർ തീയേറ്റർ സ്ഥാപിക്കുന്നതിന് മേൽ സ്ഥാപനങ്ങളിൽനിന്നും എന്തെങ്കിലും പദ്ധതികൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതികൾ എന്നാണ് ലഭിച്ചതെന്നും ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>രോഗികളോടൊപ്പമുള്ള കൂട്ടിരിപ്പുകാർക്ക് വിശ്രമിക്കുവാനുള്ള സൗകര്യങ്ങൾ</u>

2376 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ രോഗികളോടൊപ്പമുള്ള കൂട്ടിരിപ്പുകാർക്ക് വിശ്രമിക്കാനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാർ വിലയിരിത്തിയിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജ്-ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലും ഡബ്ലൂ&സി കളിലും കൂട്ടിരിപ്പുകാർക്കായി നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ഇല്ലാത്തിടമുണ്ടെങ്കിൽ പുതിയവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വകലാശാലയിലെ പുതിയ കോളേജുകൾ</u>

2377 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നതിന് ശേഷം എത്ര പുതിയ കോളേജുകൾ അനുവദിക്കുകയുണ്ടായി;

(ബി) നിലവിലുണ്ടായിരുന്ന കോളേജുകളിൽ എത്ര പുതിയ കോഴ്സുകൾ അനുവദിക്കുകയും നിലവിലുണ്ടായിരുന്ന കോഴ്സുകളിൽ എത്ര അധിക സീറ്റുകൾ അനുവദിക്കുകയും ചെയ്തു;

(സി) ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) അനുമതി നൽകുന്നതിന് മുൻപ് പരിശോധനകൾ നടത്തിയിരുന്നോ; പരിശോധനാഫലങ്ങൾ പരിഗണിക്കാതെയും മറികടന്നും എന്ന് അനുമതി നൽകി;

(ഇ) സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിന്റെ നിർദ്ദേശപ്രകാരം നിലവിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിക്കുകയാണെങ്കിൽ പുതിയതായി ആരംഭിച്ച എത്ര കോളേജുകൾ അയോഗ്യരാകും, വിശദമാക്കുമോ;

(എഫ്) കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷനുള്ള എത്ര കോളേജുകൾ കേരള സർക്കാർ അടച്ചുപൂട്ടിയിട്ടുണ്ട്;

(ജി) പ്രസ്തുത കോളേജുകൾ അടച്ച് പൂട്ടുന്നതിന് എന്തായിരുന്നു കാരണങ്ങൾ; വിശദമാക്കുമോ;

(എച്ച്) സർക്കാർ നടപടിക്കുമുമ്പ് പ്രസ്തുത കാരണങ്ങൾ ആരോഗ്യ സർവ്വകലാശാലയുടെ ശ്രദ്ധയിൽ വന്നിരുന്നുവോ; എങ്കിൽ എന്ത് നടപടികളാണ് സർവ്വകലാശാല സ്വീകരിച്ചത്?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്
## സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മെഡിക്കൽ കോളേജുകളിലെ എം. ബി. ബി. എസ്. സീറ്റുകൾ

2378

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ആകെ എത്ര എം. ബി. ബി. എസ്. സീറ്റുകൾ ഉണ്ട്; ഓരോ കോളേജുകളിലുമുള്ള സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സീറ്റുകളിൽ എൻ. ഇ. ഇ. ടി. പൊതുപ്രവേശന പരീക്ഷയിൽ നിന്നും ഈ വർഷം പ്രവേശനം നടത്താൻ ഉദ്ദേശിക്കുന്നു;

(സി) ഈ സീറ്റുകളിലേയ്ക്കുള്ള സർക്കാർ/സ്വകാര്യ കോളേജുകളുടെ ഫീസ് ഘടന എങ്ങിനെയെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും പ്രവർത്തനം ആരംഭിക്കാത്ത എത്ര കോളേജുകളുണ്ട്; ഇതിൽ 2013 - 14 വർഷം എത്ര കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു;

(ഇ) പുതിയ കോളേജുകളിൽ എത്ര സീറ്റുകൾ ഉണ്ടാകും; അതിലേയ്ക്കുള്ള അഡ്മിഷന്റെ ഫീസ് ഘടന എങ്ങിനെയായിരിക്കും എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>കേരളസംസ്ഥാന മെഡിക്കല്‍ കൗണ്‍സിലിന്റെ രൂപീകരണം</u>

2379 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍–കൊച്ചിന്‍ മെഡിക്കല്‍ കൗണ്‍സില്‍ കേരളസംസ്ഥാന മെഡിക്കല്‍ കൗണ്‍സിലാക്കി മാറ്റുവാന്‍ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മലബാറിനു പ്രത്യേകമായി ഒരു മെഡിക്കല്‍ കൗണ്‍സില്‍ രൂപീകരിക്കുവാന്‍ ഉദ്ദേശ്യമുണ്ടോയെന്നു വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കില്‍, കേരളസംസ്ഥാന മെഡിക്കല്‍ കൗണ്‍സലിലാക്കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തന പുരോഗതി</u>

2380 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ ആരംഭം സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തിരികെ കൊണ്ടുവരുന്നതിനായി സ്വീകരിച്ച നടപടികൾ</u>

2381 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിൽ ഒരിക്കൽ കേന്ദ്രസർക്കാർ അനുവദിച്ചതും, പിന്നീട് തമിഴ്നാട്ടിലേക്ക് മാറ്റിയതുമായ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തിരികെ കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ തിയേറ്റർ കോംപ്ലക്സ്</u>

2382 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ തീയേറ്റർ കോംപ്ലക്സിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 20 കോടി രൂപയിൽ എത്ര രൂപ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ അവശേഷിക്കുന്ന തുക ഏത് അക്കൗണ്ടിൽ എവിടെയാണുള്ളതെന്ന് വിശദമാക്കുമോ;

(സി) അവശേഷിക്കുന്ന തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>നിരോധിക്കപ്പെട്ട അനസ്തേഷ്യ മരുന്ന്</u>

2383 ശ്രീ.ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന 'ബൂപിവാ കെയിൻ ഇൻഡെക്സ്ട്രോസ്' ഇൻജക്ഷൻ നിരോധിക്കപ്പെട്ട അനസ്തേഷ്യ മരുന്നാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനസ്തേഷ്യ ഡോക്ടർമാർ നേരത്തെ തന്നെ പരാതി ഉന്നയിച്ചിട്ടും അധികൃതർ ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ നട്ടെല്ലുവഴി ഇഞ്ചക്ഷൻ നടത്തുന്നത് മൂലം രോഗിയുടെ ജീവനു തന്നെ ഭീഷണിയുയരുന്ന കാര്യം സർക്കാർ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വെയര്‍ ഹൗസ് നിര്‍മ്മാണം</u>

2384 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയില്‍ നെടുങ്ങോലം രാമറാവു മെമ്മോറിയല്‍ താലൂക്ക് ആശുപത്രിയില്‍ മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന നിര്‍മ്മാണം നടത്തുന്ന വെയര്‍ ഹൗസിന്റെ നിര്‍മ്മാണത്തിനുള്ള പ്രാരംഭ നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത ഹൗസ് നിര്‍മ്മാണം അരംഭിക്കുന്നതിലേയ്ക്കായി തടസ്സങ്ങള്‍ എന്തെങ്കിലുമുണ്ടോ; എങ്കില്‍ എന്താണെന്ന് അറിയിക്കുമോ; പ്രശ്ന പരിഹാരത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് സ്ഥാപനത്തിന്റെ നിര്‍മ്മാണം ആരംഭിക്കുവാന്‍ ഗവണ്‍മെന്റ് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ഫാർമസി കോളേജുകൾക്ക് പാട്ടത്തിന് നൽകിയ സർക്കാർ ആശുപത്രികൾ</u>

2385 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ ആശുപത്രികൾ സ്വകാര്യ ഫാർമസി കോളേജുകൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമാണെന്നും ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് ആശുപത്രിയ്ക്കകത്ത് കൗൺസിലിംഗ് സെന്ററും ലൈബ്രറിയും സ്വന്തം നിലയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്;

(ഡി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കൊരട്ടി ലെപ്രസി ആശുപത്രിയിൽ നഴ്സിംഗ് കോളേജ്</u>

2386

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ലെപ്രസി ആശുപത്രിയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ആശുപത്രി വക 110 ഏക്കർ ഭൂമിയിൽ ബാക്കിയുള്ള സ്ഥലത്ത്, ആരോഗ്യമേഖലയിൽ അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "മദ്ധ്യകേരളത്തിൽ ഒരു കാൻസർ ആശുപത്രി" പ്രസ്തുത സ്ഥലത്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൊരട്ടി ഗവൺമെന്റ് ലെപ്രസി ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - II/(പി.റ്റി.സി) പേഷ്യൻസ് എംപ്ലോയീസ് തസ്തികയിൽ നിയമിച്ച 14 പേരുടെ നിയമനത്തിന് അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റുകളുടെ പ്രൊമോഷൻ

2387 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി ഡിപ്പാർട്ടുമെന്റിൽ ഫാർമസിസ്റ്റ് ഗ്രേഡ് കക ന് 2:1 എന്ന റേഷ്യോ പ്രമോഷൻ നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏറ്റവും അവസാനം നടത്തിയതെന്നാണെന്നും ആർക്കാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) ഫാർമസിസ്റ്റിന്റെ ഗ്രേഡ് II ന്റെ റേഷ്യോ പ്രമോഷൻ കഴിവതും വേഗം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഹോമിയോ ഫാർമസിസ്റ്റിന്റെ നിലവിലുള്ള റാങ്ക്ലിസ്റ്റ് നെറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നമ്പറും തീയതിയും അറിയിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

**ഹോമിയോപ്പതി ഫാർമസിസ്റ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത**

2388 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതിവകുപ്പിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്നവർക്ക്സ്റ്റഡിയുടെ ഭാഗമായി പ്രസ്തുത വകുപ്പിലെ ഫാർമസിസ്റ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത നഴ്സ് കം ഫാർമസിസ്റ്റ് (എൻ.സി.പി)കോഴ്സ് എന്നതു മാറ്റി ഡിഫാം/ബീഫാം എന്നാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ നഴ്സ് തസ്തികയിൽ ജോലിനോക്കുന്നവരെ പുനർവിന്യാസം വഴി ഫാർമസിസ്റ്റ് തസ്തികയിലേക്ക് നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നഴ്സ് തസ്തികയിൽ ജോലി നോക്കുന്നവരെ ഫാർമസിസ്റ്റ് തസ്തികയിലേക്ക് പുനർവിന്യാസം വഴി നിയമിച്ചാൽ, നഴ്സ് കം ഫാർമസിസ്റ്റ്(എൻ.സി.പി.) കോഴ്സ് മാത്രം പഠിച്ച ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഫാർമസിസ്റ്റ് കോഴ്സ് (എൻ.സി.പി) പഠിച്ച ഉദ്യോഗാർത്ഥികൾക്കു കൂടി അവസരം ലഭിക്കുംവിധം നടപടികൾ പൂർത്തികരിക്കുവാൻ ശ്രദ്ധിക്കുമോ?

# കേരള നിയമസഭ

## 01.04.2013-ലെ മറുപടിക്ക്

**<u>കൊല്ലം ജില്ലയിലെ ഹോമിയോ ഡോക്ടർമാരുടെ ഒഴിവിലേക്കുള്ള നിയമനം</u>**

2389 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം ഹോമിയോ ഡോക്ടർമാരുടെ തസ്തികയിലേക്ക് കൊല്ലം ജില്ലയ്ക്കുവേണ്ടി 24.10.2009 -ാം തീയതി നടത്തിയ മൽസര പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ 3-3-2010-ൽ പ്രസ്ദ്ധീകരിച്ച ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഏറ്റവും അവസാനമായി അനുബന്ധ ലിസ്റ്റിൽ നിന്നും നിയമനം നടത്തിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കൊല്ലം ജില്ലയിൽ ബന്ധപ്പെട്ട തസ്തിക ഒഴിവ് നിലനിൽക്കുന്നു എന്ന റിപ്പോർട്ട് കൊല്ലം ഡി. എം. ഒ. ആഫീസിൽ നിന്നും അധികൃതർക്ക് ലഭ്യമായിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നാണ് ബന്ധപ്പെട്ട ഒഴിവ് റിപ്പോർട്ട് ലഭ്യമായത് എന്നറിയിക്കുമോ;

(ഇ) നിലവിലുള്ള ജീവനക്കാർക്ക് സൗകര്യപൂർവ്വമായ സ്ഥലംമാറ്റം ലഭ്യമാക്കുന്നതിനായി ബോധപൂർവ്വം അനുബന്ധ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് കാലവിളംബം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലായെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൻമേൽ ഒരന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ;

(ജി) ഒഴിവ് റിപ്പോർട്ട് ചെയ്യപ്പെട്ട തസ്തികയിലേയ്ക്ക് എന്നത്തേയ്ക്ക് ബന്ധപ്പെട്ട നിലവിലുള്ള എൻ. ആർ. എച്ച്. എം ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ കഴിയും എന്നറിയിക്കുമോ;

(എച്ച്) നിലവിലുള്ള എൻ. ആർ. എച്ച്. എം. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കോടതി ഉത്തരവ് നിലനിൽക്കുന്നുണ്ടോ;

(ഐ) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജെ) ബന്ധപ്പെട്ട കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത് എന്ന് ഉറപ്പാക്കിട്ടുണ്ടോ;

എന്ന് ഉറപ്പാക്കിട്ടുണ്ടോ;

(കെ) ഇല്ലായെങ്കിൽ അത്തരമൊരു അന്വേഷണം നടത്തി വീഴ്ച വരുത്തിയിട്ടുള്ള ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി</u>

2390 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ മലപ്പുറം ജില്ലയിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ മങ്കട മണ്ഡലത്തിലെ മങ്കട, മൂർക്കനാട്, മക്കരപറമ്പ് ഗ്രാമപഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ആയുഷ് ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2391 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''ആയുഷ് ഡിപ്പാർട്ട്മെന്റ്'' സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സാംപിട്രോഡ മിഷൻ ശുപാർശയിൽ കേരളീയ വികസനത്തിന്റെ സുപ്രധാന ഇനമായി ആയുർവ്വേദത്തെ കണക്കാക്കുമ്പോഴും ആയുർവ്വേദ വികസനത്തിനു വേണ്ട നൂതന നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആയുർവ്വേദമരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

2392 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ആയുർവ്വേദമരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) വ്യാജമായ പരസ്യങ്ങൾ നൽകി ഉപഭോക്താക്കളെ വഞ്ചിക്കുന്ന ആയുർവേദ മരുന്നുവിൽപ്പന കമ്പനികളേയും, സൗന്ദര്യവർദ്ധക വസ്തുക്കൾ വിൽക്കുന്ന കമ്പനികളേയും നിയന്ത്രിക്കുന്നതിനും, വില്പന തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയൂർവ്വേദ ഡിസ്പെൻസറി

2393 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയൂർവ്വേദ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഏറ്റവും വലിയ ഗ്രാമപഞ്ചായത്തുകളിലൊന്നായ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയൂർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ആയുർവ്വേദ ആശുപത്രികൾ</u>

2394

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ആയുർവ്വേദ ആശുപത്രികൾ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നത്; പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ഈ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിലെ ചെറുകുന്ന് പഞ്ചായത്തിലെ താവത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ആയുർവ്വേദ ആശുപത്രിയെ താലൂക്ക് ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>യുനാനി ചികിൽസ</u>

2395

ശ്രീ കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാരമ്പര്യ യുനാനി ചികിൽസ നടത്തുന്ന വൈദ്യൻമാർക്ക് രജിസ്ട്രേഷൻ കൂടാതെ പ്രാക്ടീസ് തുടരുന്നതിന് സൗകര്യം ലഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവു പ്രകാരം പാരമ്പര്യ ആയുർവേദ ഹോമിയോ പ്രാക്ടീഷണർമാർക്ക് ഈ ആനുകൂല്യം മുമ്പ് ഏർപ്പെടുത്തിയിട്ടുള്ളതാകയാൽ മേപ്പടി ഉത്തരവ് ഭേദഗതി ചെയ്ത് പാരമ്പര്യ യുനാനി ചികിൽസകരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉടമസ്ഥതയിൽ യൂനാനി ഡിസ്പെൻസറി</u>

2396 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര യൂനാനി ഡിസ്പെൻസറികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു ജില്ലയിൽ ഒരു സർക്കാർ യൂനാനി ഡിസ്പെൻസറി വീതം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 01.04.2013-ലെ മറുപടിക്ക്

ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

2397 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവയുടെ വിശദാംശങ്ങൾ നല്കാമോ;

(സി) ആയൂർവേദ മരുന്നുകളിൽ ഓരോ ചേരുവയും വേണ്ട അളവിൽ ചേർത്തിട്ടുണ്ടോ എന്നറിയുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ശരിയായ ചേരുവയില്ലാത്ത ആയൂർവേദ മരുന്നുകൾ ഏതെങ്കിലും കടയിൽ നിന്നോ ഫാക്ടറിയിൽ നിന്നോ പരിശോധനയിൽ ഈ വർഷം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ;

(ഇ) പ്രസ്തുത കടകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ എടുത്ത നടപടികൾ അറിയിക്കാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മലബാറിലെ പാരമ്പര്യ ആയുർവ്വേദ, ഹോമിയോ ചികിൽസകരുടെ രജിസ്ട്രേഷൻ</u>

2398 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ പാരമ്പര്യ ആയുർവ്വേദ, ഹോമിയോ ചികിൽസകരെ സർക്കാർ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 2011 ൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഇതിൽ പാരമ്പര്യ യൂനാനി ചികിൽസകർ (ഹക്കീം) ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പാരമ്പര്യ യൂനാനി ചികിൽസകരെയും (ഹക്കീം) സർക്കാർ രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) യൂനാനി ചികിൽസകരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ തയ്യാറാകുമോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) നിലവിൽ കേരളത്തിൽ എത്ര യൂനാനി ഡിസ്പെൻസറികൾ സർക്കാർ മേഖലയിലും, എൻ.ആർ.എച്ച്.എം. സ്കീമിലുമായി പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; എവിടെയെല്ലാമാണ് ഇവ സ്ഥിതി ചെയ്യുന്നത്;

(എഫ്) വേണ്ടത്ര യൂനാനി ഡിസ്പെൻസറികൾ സംസ്ഥാനത്തിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഓരോ നിയോജക മണ്ഡലത്തിലും ഒന്നു വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>യുനാനി ചികിത്സാകേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി</u>

2399 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എല്ലാ ജില്ലകളിലും യുനാനി ആശുപത്രികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആനയെ എഴുന്നള്ളിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ</u>

2400 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്സവപറമ്പുകളിൽ ആനകൾ ഇടഞ്ഞ് ഉണ്ടാകുന്ന അപകടങ്ങൾ ആവർത്തിക്കുന്നത് ദേവസ്വം വകുപ്പ് ഗൗരവമായി കാണുന്നുണ്ടോ;

(ബി) ക്ഷേത്രങ്ങളിൽ ആനയെ എഴുന്നള്ളിക്കുന്നത് സംബന്ധിച്ച 2008-ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ ദേവസ്വം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങളും ചട്ടത്തിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര ക്ഷേത്രങ്ങളിൽ ആനയിടയുകയുണ്ടായി; ആയതിനെ തുടർന്ന് എത്ര പേർക്ക് പരിക്കുപറ്റി; എത്ര പേർ മരണപ്പെട്ടു; വ്യക്തമാക്കുമോ;

(ഡി) ആനയെഴുന്നള്ളിപ്പ് സംബന്ധിച്ച വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള കൊമ്പനാനകളുടെ വിശദാംശം

2401 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള കൊമ്പനാനകളിൽ എത്ര എണ്ണം ഉത്സവ എഴുന്നള്ളിപ്പുകൾക്കായി മറ്റു സ്ഥലങ്ങളിലേയ്ക്ക് അയയ്ക്കാറുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എന്തു വരുമാനം ലഭിച്ചിട്ടുണ്ട്;

(സി) ഗുരുവായൂർ പത്മനാഭൻ എന്ന കൊമ്പനാനയെ ഉത്സവാവശ്യങ്ങൾക്കായി ഇപ്പോൾ പുറത്തേയ്ക്ക് അയയ്ക്കാറുണ്ടോ;

(ഡി) ഗുരുവായൂർ ദേവസ്വത്തിന്റെ കൊമ്പനാനകൾ ചരിയുമ്പോൾ അവയുടെ കൊമ്പ്, നഖം മുതലായവ എങ്ങനെ സംരക്ഷിക്കുന്നു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്
<u>ശബരിമല മാസ്റ്റർപ്ലാൻ</u>

2402 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, സാജു പോൾ
ശ്രീമതി അയിഷാ പോറ്റി
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡല - മകര വിളക്കു കാലത്തിനു മുമ്പ് ശബരിമല മാസ്റ്റർപ്ലാനിന്റ ഭാഗമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വിവിധ പദ്ധതികൾക്കായി തന്നാണ്ടിലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 25 കോടി രൂപയിൽ ഒരു രൂപ പോലും 2013 മാർച്ച് പകുതിവരെ പദ്ധതി നടപ്പാക്കേണ്ട ഉന്നതാധികാര സമിതിക്ക് നൽകാതിരുന്നതിന്റെ കാരണം വ്യക്താമാക്കാമോ; ഈ തുക എന്നാണ് സമിതിക്ക് കൈമാറിയത്;

(ബി) ഏതൊക്കെ പദ്ധതികൾക്കായാണ് തുക നീക്കിവെച്ചിരുന്നത് ; അറിയിക്കുമോ;

(സി) ധനകാര്യ വകുപ്പ് ഫണ്ട് കൈമാറാതിരിക്കാൻ കാരണം എന്താണ്; അറിയിക്കാമോ;

(ഡി) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള പദ്ധതികൾക്ക് ധനകാര്യവകുപ്പിന്റെ അംഗീകാരം വാങ്ങിയിരുന്നുവോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദിവസവേതനക്കാരുടെ വിശദാംശം</u>

2403 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ, നിലവിലുള്ള ബോർഡ് അധികാരമേറ്റടുത്ത ശേഷം എത്ര ദിവസവേതനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു; അവർ ആരൊക്കെയാണെന്നും എത്ര കാലമായി ബോർഡിനു കീഴിൽ ജോലി ചെയ്യുന്നു; വെളിപ്പെടുത്തുമോ;

(ബി) ദിവസവേതനക്കാർ ജോലി ചെയ്തിരുന്ന സമയത്ത് ക്ഷേത്ര ജീവനക്കാരെ മാറ്റി നിയമിച്ചതുമൂലം ക്ഷേത്രങ്ങളിൽ ഉണ്ടായ ഒഴിവുകൾ ഏതെല്ലാം; എത്ര തസ്തിക, എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ക്ഷേത്രജീവനക്കാരെ മാറ്റി നിയമിച്ചതുമൂലം ഉണ്ടായ ഒഴിവുകളിൽ പ്രസ്തുത ജോലി ചെയ്യാൻ ആരെയൊക്കെ നിയമിച്ചു അവരുടെ സേവന വേതന വ്യവസ്ഥ എന്താണെന്നും നിയമന മാനദണ്ഡം എന്തായിരുന്നു; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമനം സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>തിരുവിതാംകൂര്‍ ദേവസ്വംബോര്‍ഡ് ഭരണസമിതി</u>

2404 **ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡില്‍ ഭരണ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആ ബോര്‍ഡിലെ അംഗങ്ങള്‍ എന്ന് ചാര്‍ജ് ഏറ്റെടുത്തു; ഏതു വിഭാഗത്തില്‍പ്പെട്ടവര്‍; വെളിപ്പെടുത്തുമോ;

(ബി) പ്രസിഡന്റ് ഉള്‍പ്പെടെ 3 പേര്‍ അംഗങ്ങളായ ബോര്‍ഡില്‍ ഇനി വരേണ്ടത് ഏതു വിഭാഗത്തില്‍പ്പെട്ട അംഗമാണ്; വ്യക്തമാക്കുമോ;

(സി) മൂന്നാമത്തെ അംഗത്തെ തെരഞ്ഞെടുക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) നാളിതുവരെ പുതിയ ബോര്‍ഡിന്റെ എത്ര യോഗങ്ങള്‍ ചേര്‍ന്നു; പ്രസ്തുത യോഗങ്ങള്‍ ഏതൊക്കെ ദിവസം; എവിടെയൊക്കെ വച്ചായിരുന്നു; വ്യക്തമാക്കുമോ;

(ഇ) പുതിയ ബോര്‍ഡ് രൂപീകൃതമായതിനുശേഷം ബോര്‍ഡിന്റെ പ്രവര്‍ത്തനങ്ങളില്‍ സഹായിക്കുന്നതിനായി സര്‍ക്കാര്‍ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ; അവയുടെ ഉത്തരവുകള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിൻ കീഴിലെ ദിവസവേതനക്കാർ</u>

2405 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ തിരുവിതാംകൂർ ദേവസ്വംബോർഡ് ഭരണ സമിതി അധികാരമേറ്റ ശേഷം എത്ര ദിവസവേതന ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്; പ്രസ്തുത ജീവനക്കാരുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിലവിലെ ഭരണസമിതി നിയമിച്ച ദിവസവേതന ജീവനക്കാരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>പിന്നോക്ക ജാതിക്കാരനായ പൂജാരിയെ ചാർജ്ജെടുക്കാൻ അധികൃതർ അനുവദിക്കാതിരുന്നത്</u>

2406 ശ്രീ. ജി. സുധാകരൻ
'' കെ. വി. വിജയദാസ്
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ജാതിക്കാരനായ പൂജാരിയെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രത്തിൽ ആചാരം ലംഘനമാകുമെന്ന പേരിൽ കീഴ്ശാന്തിയായി ചാർജ്ജെടുക്കാൻ അധികൃതർ അനുവദിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആചാരലംഘനമെന്ന പേരിൽ ഇത്തരം അയിത്താചാരണം നടത്തിയവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) വിവിധ ദേവസ്വം ബോർഡുകളിലേക്ക് പട്ടികജാതിക്കാരായ അംഗങ്ങളെ തെരഞ്ഞെടുക്കാത്തത് ഇത്തരം അയിത്താചാരണത്തിന്റെ ഭാഗമായാണോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>കണ്ണമംഗലം മഹാദേവക്ഷേത്രത്തിലെ ജീർണ്ണാവസ്ഥ</u>

2407

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കണ്ണമംഗലം മഹാദേവക്ഷേത്രത്തിലെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ക്ഷേത്രത്തിലെ കെട്ടിടങ്ങളും ആനക്കൊട്ടിലും ക്ഷേത്രക്കുളവും പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>മലബാറിലെ ക്ഷേത്രങ്ങളോട് ദേവസ്വം വകുപ്പ്</u>
<u>അവഗണന കാട്ടുന്നതായുള്ള ആക്ഷേപം</u>

2408

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്രങ്ങളോട് ദേവസ്വം വകുപ്പ് അവഗണന കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായ സഹായധനം മലബാർ ദേവസ്വം ബോർഡും ഏരിയാ കമ്മിറ്റിയും യഥാസമയം തന്നെ പാസ്സാക്കിയിട്ടും ഇതിന് അനുമതി നൽകാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) 2011-12 വർഷങ്ങളിൽ സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?